# സ്തുതികളും സ്തോത്രവും

സ്തുതികളും സ്തോത്രവും യേശുവിന്
പുകഴ്ചയും ബഹുമാനവും യേശുവിന്
ചുടുചോര നൽകി രക്ഷിച്ച തന്റെ
മഹൽ സ്നേഹമോർത്തു നാം ആരാധിക്കാം

ഹല്ലേലുയ്യാ പാടിടാം ഹല്ലേലുയ്യാ പാടിടാം
ഹല്ലേലുയ്യാ പാടിടാം ഹല്ലേലുയ്യാ പാടിടാം

ആത്മാവിൻ ശക്തിയോടാരാധിക്കാം
ആനന്ദ കണ്ണീരോടാരാധിക്കാം
അനുദിനം പ്രാപിക്കും നന്മകൾക്കായ്
അനവധി സ്തോത്രങ്ങളർപ്പിച്ചിടാം

ആയുഷ്കാലമെല്ലാം ഭയം കൂടാതെ
തിരുമുൻപിൽ വിശുദ്ധിയോടാരാധിപ്പാൻ
കൃപ തന്ന കർത്തനെ വാഴ്ത്തിപ്പാടാം
തിരുനാമം എന്നേക്കും ഘോഷിച്ചിടാം

നല്ലപോർ പൊരുതുവാൻ ഉത്സാഹിക്കാം
വിശ്വാസം കാക്കുവാൻ ഉദ്യമിക്കാം
നീതിയിൻ കിരീടം പ്രാപിച്ചിടാം
നിത്യതയിൽ എന്നും ആനന്ദിക്കാം

------------------------------------------